# റിസർവ് ബാങ്ക് ഒഫ് ഇൻഡ്യ
## പ്രസ് റിലീസ്

2020 ജൂലൈ, 1

**ബാങ്കിംഗ് റഗുലേഷൻ നിയമം 1949 35 എ, വകുപ്പുപ്രകാരം യൂത്ത് ഡവലപ്മെൻറ് സഹകരണ ബാങ്ക് ലിമിറ്റഡ്, കൊൽഹാപൂർ, മഹാരാഷ്ട്രയ്ക്കു നൽകുന്ന മാർഗനിർദ്ദേശം**

യൂത്ത് ഡവലപ്മെൻറ് സഹകരണ ബാങ്ക് ലിമിററഡ് 2019 ജനുവരി 04 ലെ ഡിസിബിഎസ്.സിഒ.ബിഎസ്.ഡി-ഐ/ഡി–06/12.22.311/2018-19 പ്രകാരം 2019 ജനുവരി 05 ലെ പ്രവർത്തനസമയത്തിനു ശേഷം ഭാരതീയ റിസർവ് ബാങ്കിന്റെ പ്രത്യേക മാർഗനിർദ്ദേശത്തിൻ കീഴിലാക്കിയിരുന്നു. മേൽ സൂചിപ്പിച്ച മാർഗനിർദ്ദേശത്തിന്റെ കാലാവധി കാലാകാലങ്ങളിൽ നീട്ടി നൽകിയിരുന്നു. ഒടുവിലത്തേത് 2020 ജനുവരി 1 ലെ ഉത്തരവ് നമ്പർ ഡിഒആർ. സിഒ. എഐഡി നം. ഡി.-46/12.22.311/2019-20 ൻറെ കാലാവധി 2020 ജൂലൈ 5 വരെയായിരുന്നു.

2. ഈ നോട്ടിഫിക്കേഷനിലൂടെ പൊതുജനങ്ങളെ അറിയിക്കുന്ന തെന്തെന്നാൽ ഭാരതീയറിസർവ് ബാങ്കിന് 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം (സഹകരണ സംഘങ്ങൾക്കു ബാധകമായത്) സെക്ഷൻ 35 എ , സബ് സെക്ഷൻ (1) പ്രകാരവും, അതിനോടൊപ്പം സെക്ഷൻ 56 പ്രകാരവും ലഭിച്ചിട്ടുള്ള അധികാരമനുസരിച്ച് 2019 ജനുവരി 04 ലെ ഉത്തരവ് നമ്പർ ഡിസിബിഎസ്.സിഒ.ബിഎസ്.ഡി - ഐ / ഡി – 6/12.22.311/2018 - 19 പ്രകാരം യൂത്ത് ഡവലപ്മെൻറ് സഹകരണ ബാങ്ക്, മുംബയ്ക്ക് നൽകിയിട്ടു ള്ളതും, കാലാകാലങ്ങളിൽ കാലാവധി നീട്ടിനൽകിയിട്ടുള്ളതും, ഒടുവിൽ 2020 ജൂലൈ 5 വരെ കാലാവധി നീട്ടിയതുമായ മാർഗനിർദ്ദേശത്തിന്റെ കാലാവധി 2020 ജൂൺ 29 ലെ ഡിഒആർ. സിഒ. എഐഡി നം. ഡി. -93/ 12.22.311/2019-20 ഉത്തരവു പ്രകാരം, പുന: പരിശോധനയ്ക്കുവിധേയമായി 2020 ജൂലൈ 6 മുതൽ 2021 ജനുവരി 5 വരെ 6 മാസത്തേയ്ക്കു കൂടി നീട്ടിയിരിക്കുന്നു. മേൽ സൂചിപ്പിച്ച മാർഗനിർദ്ദേശത്തിലെ മറ്റു നിബന്ധന കൾ മാറ്റമില്ലാതെ തുടരും.

3. കാലാവധി നീട്ടിനൽകിയ 2020 ജൂൺ 29 ലെ മാർഗനിർദ്ദേശത്തിന്റെ പകർപ്പ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ബാങ്ക് പരിസരത്ത് പതിച്ചിട്ടുണ്ട്.

4. മേൽ സൂചിപ്പിച്ച കാലാവധി നീട്ടിനൽകൽ / പുതുക്കൽ നിർദേശം നൽകിയെന്നു കരുതി ഭാരതീയ റിസർവ് ബാങ്ക് പ്രസ്തുത ബാങ്കിന്റെ ധനസ്ഥിതിയിൽ സംതൃപ്തരാണെന്ന് കരുതാൻ പാടുള്ളതല്ല.

**(യോഗേഷ് ദയാൽ)**

ചീഫ് ജനറൽ മാനേജർ

**പത്ര പ്രസ്താവന: 2020-2021/4**